# വലിയ നോമ്പ് - ദൈവത്തിലേക്ക് ഒരു ചുവട്

*"നാം ദൈവത്തിലേക്ക് ഒരു ചുവട് വയ്ക്കുമ്പോൾ ദൈവം നമ്മിലേക്ക് പത്തു ചുവട് വയ്ക്കും"* എന്ന് പഴമൊഴി.

പാപത്തിൽ വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പിന്റെ ഓർമപ്പെടുത്തലായി വീണ്ടും ഒരു വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുന്നു. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനങ്ങളിൽ ആത്മശരീര മനസ്സുകളുടെ ശുദ്ധീകരണവും സത്കർമങ്ങളും ദാനധർമ്മങ്ങളും വഴി ദൈവീകാനുഭവത്തിലേക്ക് ഒരു ചുവട് വയ്ക്കുവാനും സാധിക്കുന്നു.

ഒരിക്കൽ രണ്ടു സുഹൃത്തുക്കൾ മോക്ഷം തേടി യാത്ര തുടങ്ങി. ഗ്രാമത്തിൽ നിന്ന് അകലെ മാറി വനത്തിനുള്ളിൽ ഒരു വൃക്ഷച്ചുവട്ടിൽ തപസ്സു ആരംഭിച്ചു. ഏറെ നാളുകൾക്കു ശേഷം ഒരു ഗുരു അവിടെ എത്തി. ഇവർ ഗുരുവിനോട് ചോദിച്ചു *'ഇനി എത്ര നാൾ മോക്ഷത്തിന് കാത്തിരിക്കണം?'* ഗുരു പുഞ്ചിരിച്ചു മറുപടി പറഞ്ഞു *'ഈ മരത്തിൽ എത്ര ഇലകളുണ്ടോ, അത്രയും കാലം'*. *'ദൈവമേ, അത്രയും കാലമോ ?'* ഒന്നാമൻ നിലവിളിച്ചു നിരാശനായി മടങ്ങി. രണ്ടാമനാകട്ടെ *'ദൈവമേ ഇത്ര മാത്രമോ ? നന്ദി.. ഒടുവിൽ ഞാൻ നിന്റെ അടുത്ത് എത്താൻ പോകുന്നു'*. രണ്ടാമൻ ആനന്ദത്തോടെ തപസ്സു തുടർന്നു.

ഈ കഥ നോമ്പിലേക്ക് പ്രവേശിക്കുന്ന നമ്മുടെ ആത്യന്തിക ലക്ഷ്യത്തെ ഉണർത്തുന്നു. ആത്മസന്തോഷത്തോടെ പ്രത്യാശയോടെ നാം ദൈവികാനുഭവത്തിൽ എത്തിച്ചേരുന്നു എന്ന ആത്മ നിർവൃതി നമുക്ക് ലഭിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ പിതാക്കന്മാർ വലിയ നോമ്പിലെ പ്രഭാത പ്രാർത്ഥനയിൽ *"നോമ്പിനാൽ പറുദീസയുടെ വാതിലുകൾ തുറക്കപ്പെടുന്നു. അതിനെ ശരിയായി ആചരിക്കുന്നവർക്കു മാലാഖമാരുടെ പ്രഭയും ഉയരത്തിലേക്ക് കരേറുവാൻ ആത്മീയ ചിറകുകളും ലഭിക്കുന്നു'* എന്ന് പ്രാർത്ഥിക്കുന്നത്.

ഓരോ നോമ്പാചരണവും നമ്മെ സ്വർഗീയ സന്തോഷത്തിലേക്കു ആനയിക്കുന്നതിനോടൊപ്പം മനുഷ്യന്റെ ആവശ്യങ്ങളിലും വേദനയിലും പങ്കുചേരുക വഴി ദൈവിക സ്വഭാവം നമ്മിൽ ജ്വലിപ്പിക്കുകയും വേണം.

*'നാല്പത് നോമ്പോടഗതിക്കാർ-*
*ക്കപ്പവുമേകി പോറ്റുക നീ*
*മന്നവനീശായി സുതനെപ്പോ-*
*ലേഴുകുറി പ്രാർത്ഥിച്ചീടുക'*

എന്ന് പിതാക്കന്മാർ പാടുന്നു. വി. ലൂക്കോസിന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ ക്രിസ്തു പറഞ്ഞ നല്ല ശമര്യാക്കാരന്റെ ജീവിതം ഇവിടെ അന്വർത്ഥമാകുന്നു. സ്വന്തം ആവശ്യത്തേക്കാൾ മറ്റുള്ളവന്റെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ വേദനയിൽ പങ്കുകൊള്ളുകയും

തന്റെ കൈവശമുള്ളത് മുറിവേറ്റവനെ ശുശ്രൂഷിക്കാൻ നൽകിയത് വഴി ദൈവത്തിലേക്ക് ഒരു ചുവട് വയ്ക്കുവാൻ ശമര്യന് സാധിച്ചു.

ജറുസലേമിൽ നിന്നും ജറീക്കോയിലേക്ക് ഉള്ള യാത്രയിൽ ഒരു മനുഷ്യനെ കവർച്ചക്കാർ മുറിവേല്പിച് വസ്ത്രമുരിഞ്ഞു കവർച്ച ചെയ്തു പോയപ്പോൾ മരണാസന്നനായി വഴിയിൽ കിടന്ന ഈ മനുഷ്യനെ കണ്ടിട്ടും സഹായിക്കാതെ പോയ പുരോഹിതനും ലേവായനും തങ്ങൾ ആരാധിക്കുന്ന ദൈവത്തിൽ നിന്നാണ് വഴിമാറി പോയത്. എന്നാൽ മതപരമായും സാമൂഹികമായും സാമ്പത്തികമായും നിന്ദ്യരായി പരിഗണിച്ചിരുന്ന ശമര്യായിലെ ഒരു നല്ല മനുഷ്യൻ ഈ മുറിവേറ്റവന്റെ അടുക്കലേക്കു മനസ്സലിവോടെ ചെന്നപ്പോൾ അവൻ ദൈവത്തിലേക്കായിരുന്നു അവന്റെ ചുവടുകൾ വച്ചത്. മുറിവുകൾ വച്ച് കെട്ടി ശുശ്രൂഷിച്ചു തന്റെ കഴുതപ്പുറത്ത് കയറ്റി സത്രത്തിലേക്ക് പോയപ്പോൾ അവന്റെ ദേവാലയത്തിലേക്കുള്ള രണ്ടാം ചുവടായിരുന്നു അത്. അവന്റെ കൈവശമുള്ള 2 നാണയങ്ങൾ മുറിവേറ്റവന്റെ പരിചരണത്തിന് നൽകുക വഴി ദൈവത്തിനുള്ള കാഴ്ചയർപ്പണം സാധ്യമാക്കി. പുരോഹിതന്റെയും ലേവായന്റെയും ദൈവത്തിലേക്കുള്ള ചുവടുകൾ പാഴായി പോയപ്പോൾ നല്ല ശമര്യാക്കാരന്റെ ജീവിതം ഇന്നും ദൈവത്തിലേക്കുള്ള ചവിട്ടുപടികളായി ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇക്കഴിഞ്ഞ ദിവസം കേരളത്തിൽ കൊച്ചിയിലെ ഒരു ബഹുനില കെട്ടിടത്തിൽ നിന്നും വീണ് രക്തം വാർന്ന് മരണത്തെ മുഖാമുഖം കണ്ട സജികുമാർ എന്ന ഒരു മനുഷ്യനെ ആരും സഹായിക്കാതെ നിസ്സംഗതയോടെ നോക്കി നിന്നതു ഏറെ വേദനിപ്പിക്കുന്ന അനുഭവമായി. ഒടുവിൽ രഞ്ജിനി എന്ന ഒരു വീട്ടമ്മ നടത്തിയ പരിശ്രമം ആ മനുഷ്യനെ ആശുപത്രിയിലാക്കുവാനും ജീവൻ രക്ഷിക്കാനും സാധിച്ചു. മനുഷ്യരിൽ ശമര്യ സ്വഭാവം അന്യം നിന്ന് പോയിട്ടില്ല എന്ന് ഈ സംഭവം തെളിയിക്കുന്നു.

ആശ്രമത്തിലെ നാല് ചുവരുകൾക്കു അപ്പുറം കൽക്കത്തയിലെ തെരുവോരങ്ങളിലെ കുഷ്ഠരോഗികളുടെയും ദരിദ്രരുടെയും അഗതികളുടെയും അടുക്കലേക്ക് ഇറങ്ങിയ വി. മദർ തെരേസ തന്റെ കാൽചുവടുകൾ ദൈവത്തിലേക്കുള്ള ചവിട്ടുപടികളാക്കി മാറ്റുക ആയിരുന്നു. ഇന്നും നല്ല ശമര്യാനെ സമൂഹത്തിന് ആവശ്യമെന്ന് നമുക്ക് ചുറ്റും നോക്കിയാൽ കാണാൻ സാധിക്കും.

ഈ വലിയ നോമ്പിലെ ഏഴ് ആഴ്ചകളിലായി നമുക്ക് യേശുക്രിസ്തുവിന്റെ ക്രൂശിലെ ഏഴ് മൊഴികൾ ധ്യാനിക്കുന്നതിനോടൊപ്പം നമുക്ക് കഴിയാവുന്ന പുണ്യപ്രവർത്തികൾ മൂലം ദൈവത്തിലേക്ക് ഒരു ചുവട് വയ്ക്കാം. രക്തദാനം വഴിയും നോമ്പിൽ നമ്മുടെ ഭക്ഷണ ചിലവിൽ നിന്നും ദിവസം ഒരു ഡോളർ മാറ്റി വച്ച് വിശക്കുന്നവർക്ക് അന്നം പങ്കിടുവാനും ഈ നോമ്പ് കാലത്തു നമുക്ക് പരിശ്രമിക്കാം.

- ***ബിജുമോൻ അച്ചൻ***